# പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 3797 — 19-02-2013-ൽ മറുപടിയ്ക്ക്

### ഗതാഗത നിയന്ത്രണത്തിന് പോലീസ് സേന

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ജോസ് തെറ്റയിൽ<br>ശ്രീ. സി. കെ. നാണു<br>ശ്രീമതി ജമീലാ പ്രകാശം<br>ശ്രീ. മാത്യു റ്റി. തോമസ് | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>((ബഹു. ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് വാഹനങ്ങളുടെ എണ്ണം പെരുകുന്നതിനനുസൃതമായി ഗതാഗത നിയന്ത്രണത്തിന് മതിയായ പോലീസ് സേനയെ വിന്യസിക്കാൻ കഴിയാതെ വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) അപകടനിരക്ക് കുറച്ചുകൊണ്ടുവരാൻ പോലീസ് വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ ; | (ബി) അപകട നിരക്ക് കുറച്ചു കൊണ്ടുവരുന്നതിനായി അംഗ സംഖ്യ പരിമിതമെങ്കിലും സംസ്ഥാനത്തെ നഗരങ്ങളിലെ പ്രധാന പോയിന്റുകളിലും മറ്റും പോലീസുദ്യോഗസ്ഥരെയും ഹോംഗാർഡുകളെയും വിന്യസിച്ച് ഗതാഗതം നിയന്ത്രിച്ച് വരുന്നു. അതോടൊപ്പം തന്നെ തിരക്കേറിയ റോഡുകളിൽ ട്രാഫിക് ഡിവൈഡറുകളും കോണുകളും ട്രാഫിക് ബ്ലോക്കറുകളും സൈൻ ബോർഡുകളും സിഗ്നൽ ലൈറ്റുകളും സ്ഥാപിച്ച് |

| | | | |
|---|---|---|---|
| | | | വാഹന ഗതാഗതം ക്രമീകരിച്ചിട്ടുണ്ട്. അമിത വേഗത്തിലും അപകടകരമായും വാഹനങ്ങൾ ഓടിച്ചു വരുന്ന ഡ്രൈവർമാർക്കെതിരെ നിയമ നടപടി സ്വീകരിച്ചു വരുന്നുണ്ട്. കൂടാതെ നിരീക്ഷണ ക്യാമറകൾ സ്ഥാപിച്ച് ട്രാഫിക് നിയമം ലംഘിക്കുന്നവർക്കെതിരെ പെറ്റികേസുകൾ ഫയൽ ചെയ്തും പിഴ ഈടാക്കിയും വരുന്നു. മദ്യപിച്ച് വാഹനം ഓടിക്കുന്നവരെ കണ്ടെത്തി ക്രൈം കേസുകൾ രജിസ്റ്റർ ചെയ്ത് നിയമ നടപടികൾ സ്വീകരിച്ചു വരുന്നതും അതോടൊപ്പം തന്നെ വാഹന പരിശോധന കർശനമാക്കിയിട്ടുള്ളതുമാണ്. |
| (സി) | സംസ്ഥാനത്ത് നിലവിൽ എത്ര സർക്കിൾ ഇൻസ്പെക്ടർമാരുടെ തസ്തികകൾ ഒഴിഞ്ഞ് കിടപ്പുണ്ട് ; | (സി) | നിലവിൽ 30 സർക്കിൾ ഇൻസ്പെക്ടർമാരുടെ തസ്തികകൾ ഒഴിഞ്ഞു കിടപ്പുണ്ട്. |
| (ഡി) | സബ് ഇൻസ്പെക്ടർമാരുടെ സെലക്ട് ലിസ്റ്റ് നിലവിലുണ്ടോ ; എങ്കിൽ പ്രസ്തുത സെലക്ട് ലിസ്റ്റിൽനിന്ന് ഒഴിവുകൾ എന്ന് നികത്തുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ? | (ഡി) | നിലവിലുണ്ട്. ടി സെലക്ട് ലിസ്റ്റിൽ നിന്നും സബ് ഇൻസ്പെക്ടർമാരെ സർക്കിൾ ഇൻസ്പെക്ടർമാരായി നിയമിക്കുന്ന നടപടികൾ നടന്നു വരുന്നു. |

(ഒപ്പ്)

സെക്ഷൻ ഓഫീസർ